മദ്യദുരന്തവും വ്യാജമദ്യ സംബന്ധമായ കാര്യങ്ങളും സംബന്ധിച്ച് ആദ്യം എന്തെല്ലാം അധികാരങ്ങളാണ് നല്കിയിരുന്നത്;

(ബി) പിന്നീട് അവരുടെ അധികാരങ്ങളിലും കർത്തവ്യങ്ങളിലും ഉത്തരവാദിത്വത്തിലും എന്തെങ്കിലും മാറ്റം വരുത്തുകയുണ്ടായോ;

(സി) എങ്കിൽ എന്ത് മാറ്റങ്ങളാണ് വരുത്തിയത്;

(ഡി) ഈ മാറ്റങ്ങൾ വരുത്തുന്നതിനുള്ള കാരണമെന്തെന്ന് വിശദീകരിക്കാമോ;

(ഇ) ഈ മാറ്റം വരുത്തിയതുകൊണ്ടുണ്ടായ പ്രയോജനങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ...ഇ) 2000 ഒക്ടോബർ മാസത്തിൽ കൊല്ലം ജില്ലയിലുണ്ടായ മദ്യദുരന്തത്തെ തുടർന്ന് പാരിപ്പള്ളി, കൊട്ടാരക്കര, കുന്നിക്കോട് എന്നീ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിന് ഐ.ജി. ശ്രീ. സിബി മാത്യൂവിന്റെ നേതൃത്വത്തിലും, സംസ്ഥാനത്തിനകത്തേയ്ക്ക് വ്യാജമദ്യവും സ്പിരിറ്റ് കടത്തിയതും വിപണനം ചെയ്തതും സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ അന്വേഷിക്കുന്നതിന് ദക്ഷിണ മേഖലാ ഐ.ജി. ശ്രീ. രാജൻ കെ. മഥേക്കറിന്റെ മേൽനോട്ടത്തിൽ ക്രൈം ബ്രാഞ്ച് ഡി.ഐ.ജി. ശ്രീ. അരുൺ കുമാർ സിൻഹയുടെ നേതൃത്വത്തിലും അന്വേഷണ സംഘങ്ങളെ നിയോഗിച്ചിട്ടുണ്ട്. ഇവർക്ക് ആദ്യം നല്കിയിട്ടുള്ള അധികാരങ്ങളിലും കർത്തവ്യങ്ങളിലും ഉത്തരവാദിത്വങ്ങളിൽ നിന്ന് പിന്നീട് ഒരു മാറ്റവും വരുത്തിയിട്ടില്ല.

(136-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

118 (137) ജയിൽപുള്ളികളുടെ മോചനം

ശ്രീ.പി.ജെ.ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര ജയിൽ പുള്ളികളെ മോചിപ്പിച്ചിട്ടുണ്ട്;

(ബി) ഇവരിൽ എത്രപേർ വീണ്ടും കുറ്റകൃത്യങ്ങൾ ചെയ്തിട്ടുണ്ട്;

(സി) ഇപ്രകാരം വീണ്ടും കുറ്റകൃത്യം ചെയ്തവരിൽ കൊലപാതകം, കൊലപാതകശ്രമം എന്നീ കുറ്റകൃത്യങ്ങൾ ചെയ്ത എത്രപേരുണ്ട്;

(ഡി) ജയിലുകളിൽ നിന്ന് പരോളിലിറങ്ങിയ എത്രപേർ ജയിലിൽ തിരിച്ചെത്താത്തവരായുണ്ട്;

(ഇ) പരോളിലിറങ്ങിയ എത്രപേർ പരോൾ കാലത്ത് കുറ്റകൃത്യങ്ങൾ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്റ്റേറ്റ് പ്രിസൺ റിവ്യൂ കമ്മിറ്റിയുടെ ശുപാർശ പ്രകാരം 859 തടവുകാരേയും ജയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉപദേശകസമിതിയുടെ ശുപാർശപ്രകാരം 128 തടവുകാരനേയും മോചിപ്പിച്ചിട്ടുണ്ട്. ആകെ മോചിതരായ തടവുകാരുടെ എണ്ണം 987.

(ബി) ഒരാൾ.

(സി) കൊലപാതക കുറ്റം ചെയ്തവരുടെ എണ്ണം - 1

കൊലപാതകശ്രമം നടത്തിയവരില്ല.

(ഡി) 26 പേർ.

(ഇ) 7 പേർ.

119(138) ഫയർ സ്റ്റേഷനുകൾ

ശ്രീ.എ.അലിഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര ഫയർസ്റ്റേഷനുകൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) വർക്കലയിൽ ഒരു ഫയർസ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനം നിറുത്തിവച്ചിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിർമ്മാണപ്രവർത്തനത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 67. ഇവയുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

120 (139) പാചകവാതക കണക്ഷൻ

പ്രൊഫ.എ.വി.താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ഡിസംബർ ഒന്നിന് സംസ്ഥാനത്തെ പാചകവാതക ഉപഭോക്താക്കൾ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്ര ഏജൻസികളാണ് കേരളത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്നത്;

(സി) ഈ ഏജൻസികളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

---

* അനുബന്ധം XXIII

LIBRARY ARCHIVES Kerala Legislative Assembly